കേരള സർക്കാർ

പരിപത്രം

നം.1122600/എൻ.സി.എ 2/17/ കൃഷി. തിരുവനന്തപുരം, തീയതി.06/02/2017

**വിഷയം-** കൃഷി വകുപ്പ്- 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം- അനധികൃത നിലം / തണ്ണീർതടം പരിവർത്തനപ്പെടുത്തുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

**സൂചന -** 30/12/2016-തീയതിയിലെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ ഡയറക്ടറുടെ റ്റി.എ (2) 52990/2016/ നം.അർദ്ധഔദ്യോഗിക കത്ത്.

നെൽവയലുകളും, തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും , രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുമാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നിട്ടുള്ളത് . 2008-ലെ നിയമപ്രകാരം സ്വന്തം ആവശ്യത്തിലേയ്ക്കായി വീട് വയ്ക്കുന്നതിന് നിയന്ത്രിത വിസ്തൃതിയിൽ നിലം പരിവർത്തനം ചെയ്യുന്നതിന് മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകുന്നതിന് ജില്ലാതല അധികൃതസമിതിയ്ക്ക് അധികാരമുണ്ട്. മറ്റ് ഏതുതരത്തിലുള്ള നിയമപ്രകാരമുള്ള പരിവർത്തനത്തിനും സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടത് നിർബന്ധമാണ്. എന്നാൽ കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ജലവിഭവ വകുപ്പ് , നിർമ്മിതികേന്ദ്രം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ നബാർഡ്-ന്റേയും മറ്റു ഏജൻസികളുടേയും , കേന്ദ്രസർക്കാരിന്റേയും പദ്ധതികൾ ഏറ്റെടുക്കുക വഴി പാടശ്ശേഖരത്തിലൂടെ ബണ്ട റോഡ് നിർമ്മാണത്തിനും, മറ്റു അടിസ്ഥാന വികസനത്തിനുമായി നെൽവയൽ , തണ്ണീർത്തടങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ പരിവർത്തനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I) വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ , സർക്കാർ ഏജൻസികൾ ഏറ്റെടുക്കുന്ന പ്രവർത്തികളോട് അനുബന്ധിച്ച് നെൽവയൽ പരിവർത്തനപ്പെടുത്തേണ്ടി വരുന്നപക്ഷം ഇതു സംബന്ധിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ യാതൊരു വിധത്തിലുമുള്ള നിർമ്മാണ പ്രവർത്തികളോ, പരിവർത്തനങ്ങളോ നെൽവയൽ തണ്ണീർത്തട പ്രദേശങ്ങളിൽ നടത്താൻ പാടുള്ളതല്ല.

II) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (14) പൂർണ്ണമായും പാലിക്കേണ്ടതും ആയത് ഉറപ്പു വരുത്തേണ്ടതുമാണ്.

III) അനുമതിയില്ലാതെ നെൽവയൽ / തണ്ണീർത്തടം പരിവർത്തനപ്പെടുത്തുന്നില്ലെന്നും , നിർമ്മാണ പ്രവർത്തികൾ നടത്തുന്നില്ലെന്നും , റോഡ് / മറ്റ് മരാമത്ത് പണികൾ നടത്തുന്നില്ലെന്നും ബന്ധപ്പെട്ട കൃഷി , വില്ലേജ് ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും അത്തരം അനധികൃത പ്രവർത്തികൾ ബന്ധപ്പെട്ട അധികാരി സ്റ്റോപ്പ് മെമ്മോ

നൽകേണ്ടതും റിപ്പോർട്ടിംഗ് അധികാരി റിപ്പോർട്ട് നൽകേണ്ടതും ജില്ലാ കളക്ടർ ടി നെൽവയൽ /തണ്ണീർത്തടം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (13) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിശ്ചിത സമയ പരിധിക്കുള്ളിൽ ടി പ്രവർത്തി പൂർത്തിയാക്കി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

IV) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ലംഘനങ്ങളും നിയമം പരിപാലിക്കുന്നതിൽ ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്ന വീഴ്ചകളും അലംഭാവവും വകുപ്പ് (23) പ്രകാരം ശിക്ഷാർഹമായ കുറ്റമായി കണക്കാക്കുന്നതും ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**രമേഷ് റ്റി.**
**ഡെപ്യൂട്ടി സെക്രട്ടറി**

കാർഷിക വികസന കർഷകക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
എല്ലാ കൃഷി ഓഫീസർമാർക്കും (അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുഖേന)
എല്ലാ വില്ലേജ് ഓഫീസർമാർക്കും ( അതാത് ജില്ലാ കളക്ടർ മുഖേന)
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും ( അതാത് ജില്ലാ കളക്ടർ മുഖേന)
റവന്യൂ വകുപ്പ് .
തദ്ദേശ സ്വയം ഭരണ വകുപ്പ്.

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ വകുപ്പ് ഡയറക്ടർ } (എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പകർപ്പുകൾ നൽകേണ്ടതാണ്)

എല്ലാ വകുപ്പ സെക്രട്ടറിമാർക്കും ,
എല്ലാ വകുപ്പ അദ്ധ്യക്ഷൻമാർക്കും
എല്ലാ സർക്കാർ ഇതര ഏജൻസികൾക്കും (ബന്ധപ്പെട്ട വകുപ്പുകൾ പകർപ്പ് കൈമാറേണ്ടതാണ്)
കേരള വാട്ടർ അതോറിറ്റി,തിരുവനന്തപുരം
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,തിരുവനന്തപുരം
കേരള നിർമ്മിതികേന്ദ്രം,തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ